**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3088** **07-10-2025 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരമുഴി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവമ്പാടി മണ്ഡലത്തിലെ മുക്കം നഗരസഭയിൽ നടപ്പിലാക്കുന്ന കാഞ്ഞിരമുഴി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിക്ക് നാളിതുവരെയായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | **കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മുക്കം മുനിസിപ്പാലിറ്റിയിലെ കാഞ്ഞിരമുഴിയിൽ 103 ഹെക്ടർ കാർഷിക ഭൂമിയിൽ മൈക്രോ ഇറിഗേഷൻ വഴി ജലസേചനം നടത്തുന്നതോടൊപ്പം വളപ്രയോഗവും നടത്താൻ ഉതകുന്ന സാങ്കേതിക രീതി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി ആയിരുന്നു Micro Irrigation at Kanjiramuzhi in Mukkom Municipality. ഇതിൽ 10 ഹെക്ടർ കൃഷി ഭൂമിയിൽ മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്ന ആദ്യഘട്ടത്തിന് സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ ഉൾപ്പെടുത്തി 70 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിരുന്നു. മൈക്രോ ഇറിഗേഷൻ സിസ്റ്റത്തിന്റെ ഡിസൈൻ ലഭ്യമായതിന് ശേഷമേ മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കൂ എന്നതിനാൽ മെക്കാനിക്കൽ പ്രവൃത്തികൾ ഒഴിവാക്കി അടിസ്ഥാന സൗകര്യങ്ങളായ പമ്പ് ഹൗസ്, ഫെർട്ടിഗേഷൻ റൂം എന്നിവയുടെ നിർമ്മാണം ഉൾപ്പെടുത്തി കരാർ ഉടമ്പടി വെക്കുകയും ആയത് കരാറുകാരൻ 3005299/- രൂപയ്ക്ക് 31/12/2022 ൽ പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ ആദ്യഘട്ടത്തിൽ തന്നെ 35.40 ലക്ഷം രൂപയുടെ മൈക്രോ ഇറിഗേഷൻ സിസ്റ്റം പ്രവൃത്തിക്കായി, MIDKKD/2021/185/IA, dated 16/01/2021 പ്രകാരം ഭരണാനുമതിയും MIDKKD/2020-21/2021/185/IA, dated 09/02/2021 പ്രകാരം സാങ്കേതികാനുമതിയും നൽകിയിരുന്നു.**<br><br>**പ്രസ്തുത പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തിട്ടും ആരും ക്വാട്ട് ചെയ്തില്ല. തുടർന്ന് മൈക്രോ ഇറിഗേഷൻ സിസ്റ്റം ഡിസൈൻ ചെയ്യുന്നതിന് 6.70 ലക്ഷം രൂപയുടെ സർവ്വേ പ്രവൃത്തി (MIDKKD/2021/6283/IA, dated 24/02/2022 -** |

| | | | |
|---|---|---|---|
| | | | **ഭരണാനുമതി, MIDKKD/2021-22/2021/6283/IA, dated 07/03/2022 - സാങ്കേതികാനുമതി) 103 ഹെക്ടറിൽ നടത്തുകയുണ്ടായി. കരാറുകാരൻ 13/04/2022 ന് സർവ്വെ പ്രവൃത്തി ഏറ്റെടുത്ത് 4,48,554/- രൂപയ്ക്ക് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയുണ്ടായി.**<br><br>**കോഴിക്കോട് ജില്ലയിലെ മുക്കം മുൻസിപ്പാലിറ്റിയിലെ കാഞ്ഞിരമുഴി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തി നടപ്പിലാക്കുന്നതിന് (ഭരണാനുമതി ₹5.08 കോടി രൂപ) 01/02/2023 തീയതിയിലെ സ.ഉ (സാധാ) നമ്പർ. 132/2023/WRD പ്രകാരം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (കെ.ഐ.ഐ.ഡി.സി) ചുമതലപ്പെടുത്തിയിരുന്നു. ഏകദേശം 108 കർഷകരാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതി പ്രവൃത്തിയുടെ ബിൽ തുക, സെന്റേജ് ചാർജ്, ജി.എസ്.ടി. ഉൾപ്പടെ ₹97.54 ലക്ഷം രൂപയുടെ തുക അനുവദിച്ച് നൽകുന്നതിനായി കെ.ഐ.ഐ.ഡി.സി. യിൽ നിന്നും പ്രൊപ്പോസൽ ബന്ധപ്പെട്ട ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ പദ്ധതി പ്രവൃത്തികൾ 44% പൂർത്തീകരിച്ചിട്ടുണ്ട്. 2026 ജനുവരി മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.** |
| (ബി) | ഈ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണുള്ളതെന്നും പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ